# ആത്യന്തികവിലയിരുത്തൽ - I 2025-2026

## മാതൃകാചോദ്യപേപ്പർ

## സാമൂഹ്യശാസ്ത്രം


**ക്ലാസ് : 5** **സമയം : 2 മണിക്കൂർ 15 മിനിട്ട്**

**നിർദേശങ്ങൾ**

1. ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
2. **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
3. **2, 4** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ A, B എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

© State Assessment Cell, SCERT Kerala

**(1)** **a)** ആദിമ മനുഷ്യന്റെ ഭക്ഷണ രീതിയിലുണ്ടായ വളർച്ചാഘട്ടങ്ങളെ കാണിക്കുന്ന നാഴിക കല്ലുകളാണ് നൽകിയിരിക്കുന്നത്. അവയിൽ വിട്ടുപോയത് കണ്ടെത്തി പൂർത്തിയാക്കുക.




**b)** തീയുടെ ഉപയോഗം മനുഷ്യ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

**(2.A)**

ആരോഗ്യസംരക്ഷിക്കുന്നതിനാവശ്യമായ ഭക്ഷണം
എല്ലാമനുഷ്യരുടെയും അവകാശമാണ്




**a)** ലോകഭക്ഷ്യദിനമായി ആചരിക്കുന്നത് താഴെ പറയുന്നതിൽ ഏതു ദിവസമാണ്?

**A.** ഒക്ടോബർ - 6

**B.** സെപ്റ്റംബർ -16

**C.** ജൂൺ - 6

**D.** ഒക്ടോബർ -16

**b)** 'ഭക്ഷ്യദിനാചരണത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആശയങ്ങൾ എഴുതുക.

**അല്ലെങ്കിൽ**

**(2.B)**

**a)** 'പീലിയുടെ ഗ്രാമം' എന്ന യൂണിറ്റിലെ മീനുവിനെ പരിചയപ്പെട്ടല്ലോ? പീലിയുടെ കൂട്ടുകാരെ പ്പോലെ വ്യത്യസ്ത സാമൂഹ്യ സാഹചര്യങ്ങളിൽ നിന്നു വരുന്നവർ നമ്മുടെ ചുറ്റുപാടും ഉണ്ടല്ലോ. നമ്മുടെ സന്തോഷ സന്ദർഭങ്ങളിൽ അവരെക്കൂടി ഉൾപ്പെടുത്തേണ്ടത് ആവശ്യമല്ലേ നിങ്ങളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.



© State Assessment Cell, SCERT Kerala

**b)** പീലിയുടെ ഗ്രാമത്തിലേക്കുള്ള യാത്രയ്ക്കുശേഷം പീലിയുടെ കൂട്ടുകാരുടെ മനോഭാവങ്ങളിൽ വന്ന മാറ്റം തിരിച്ചറിഞ്ഞല്ലോ? മനോഭാവങ്ങളിൽ വന്ന മാറ്റങ്ങളിൽ യോജിക്കാത്തത് ഏതാണ്?

**A.** നഗരത്തിലും ഗ്രാമത്തിലും ഒരുപോലെ സന്തോഷകരമായ ജീവിതം നയിക്കാൻ കഴിയും

**B.** ഭാഷ - ദേശഭേദം ഇല്ലാതെ എല്ലാവർക്കും ഒരുപോലെ പരിഗണന നൽകണം

**C.** മുന്തിയ സൗകര്യങ്ങളുള്ള ജീവിതം മാത്രമാണ് സന്തോഷകരമായത്


**D.** മറ്റുള്ളവരുടെ സന്തോഷമാണ് എന്റെയും സന്തോഷം

**(3)**



ആഴ്ച ചന്തകൾ





സൂപ്പർമാർക്കറ്റ്

© State SCERT Kerala

ചിത്രങ്ങൾ നിരീക്ഷിക്കുക. വ്യത്യസ്ത അനുഭവങ്ങളാണ് രണ്ടു കച്ചവട കേന്ദ്രങ്ങളും നമുക്ക് നൽകുന്നത്.

**a)** പ്രാദേശികചന്തകളെയും സൂപ്പർമാർക്കറ്റുകളെയും താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

**b)** തന്നിരിക്കുന്ന കൂട്ടത്തിൽനിന്നും പീലിയുടെ ഗ്രാമത്തിന്റെ സവിശേഷതകളല്ലാത്ത ആശയം കണ്ടെത്തുക.

**A.** വിശാലമായ കൃഷിയിടങ്ങൾ

**B.** നാടൻ വിഭവങ്ങൾ കൊണ്ടുള്ള ഭക്ഷണം

**C.** തിരക്കേറിയ നിരത്തുകൾ

**D.** ലളിതമായ ജീവിതം

**(4.A)** ചിത്രങ്ങൾ സംരക്ഷിക്കൂ





**a)** വസ്ത്രധാരണ രീതിയിലുണ്ടായ മാറ്റത്തെക്കുറിച്ച് എന്തെല്ലാം കണ്ടെത്തലുകൾ നടത്തനാകും. അതിന്റെ കാരണങ്ങൾ കൂടി എഴുതുക.

**b)** കാലഘട്ടത്തിനനുസരിച്ച് തന്നിരിക്കുന്നവയിൽ കേരളത്തിലെ കൈത്തറി കേന്ദ്രം അല്ലാത്തത് ഏത്?

**i.** ബാലരാമപുരം

**ii.** കുത്താമ്പുള്ളി

**iii.** ആറന്മുള

**iv.** കണ്ണൂർ

**അല്ലെങ്കിൽ**

**(4.B)**




ആശയപടം നിരീക്ഷിക്കൂ.

a. യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രനിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങളിൽ ഉൾപ്പെടുന്ന പ്രസ്താവനകൾ എഴുതുക?

- വസ്ത്ര ഉൽപാദത്തിൽ വർധനവ് ഉണ്ടായി
- മനുഷ്യരുടെ അധ്വാനഭാരം വർധിച്ചു
- വസ്ത്രവൈവിധ്യത്തിന് കാരണമായി
- ഗുണമേന്മയുള്ള വസ്ത്രങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞു

b. വസ്ത്രനിർമ്മാണത്തിന് ഉപയോഗിക്കുന്ന കൃത്രിമനാരുകളെക്കുറിച്ച് വിശദീകരിക്കുന്ന ഒരു കുറിപ്പെഴുതുക.

**(5)**

സ്വയംതൊഴിൽ സംരഭത്തിലൂടെ നിരവധി കുടുംബങ്ങൾക്ക് തൊഴിൽ നൽകി, യുവാവ്

സ്വയം തൊഴിൽ സംരഭത്തിലൂടെ പ്രതിമാസം 50000 രൂപവരെ സമ്പാദിക്കുന്ന വീട്ടമ്മ

വാർത്താതലക്കെട്ടുകൾ നിരീക്ഷിക്കുക.

**a)** സ്വയംതൊഴിൽ സംരഭത്തിലൂടെ ജീവിതവിജയം നേടിയ സംരഭകൻ /സരംഭകയുമായി അഭിമുഖം നടത്തുന്നതിനായി 4 ചോദ്യങ്ങൾ തയ്യാറാക്കുക.

© State Assessment Cell, SCERT Kerala

**b)** സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെയും ഗുണഭോക്താക്കളുടെയും പട്ടിക പൂർത്തിയാക്കുക.

| സ്വയംതൊഴിൽ പദ്ധതി | ഗുണഭോക്താക്കൾ |
|---|---|
| • നവജീവൻ പദ്ധതി<br>• ........................<br>• ശരണ്യ | • .....................<br>• ഭിന്നശേഷിക്കാർ<br>• ...................... |

**(6)**

തൊഴിൽ വൈവിധ്യങ്ങൾ എന്ന വിഷയത്തിൽ കുട്ടികൾ തയ്യാറാക്കിയ തൊഴിലുകളുടെ പട്ടിക നിരീക്ഷിക്കുക.

| **വിവിധ തൊഴിലുകൾ** |
|---|
| • കൃഷി<br>• കച്ചവടം<br>• അധ്യാപനം<br>• കന്നുകാലി വളർത്തൽ<br>• മത്സ്യബന്ധനം<br>• നിയമപാലനം<br>• തേനീച്ച വളർത്തൽ<br>• റബ്ബർ ടാപ്പിംഗ് |

**a)** വിവിധ തൊഴിലുകളെ തന്നിരിക്കുന്ന പട്ടികയിൽ ക്രമീകരിക്കുക.

| കാർഷിക തൊഴിലുകൾ | കാർഷികേതര തൊഴിലുകൾ |
|---|---|
| | |

**b)** നൽകിയിരിക്കുന്നവയിൽ വരുമാനസ്രോതസ്സ് അല്ലാത്തത് ഏത്?

**A.** കൃഷി
**B.** സന്നദ്ധ പ്രവർത്തനം
**C.** ആസ്തികൾ
**D.** കച്ചവടം

© State Assessment Cell, SCERT Kerala